# രക്ഷയുടെ പാതയിൽ




Vol. 1

11

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി


# ഉള്ളടക്കം


1. രക്ഷകനായ ഈശോ
2. ചരിത്രപുരുഷനായ ഈശോ
3. ഈശോയുടെ വ്യക്തിത്വത്തിന്റെ സവിശേഷതകൾ
4. ക്രിസ്തീയ വ്യക്തിത്വത്തിൽ വളരാൻ
5. ക്രിസ്തീയ വ്യക്തിത്വത്തിന്റെ സവിശേഷതകൾ
6. ക്രിസ്തീയ മനസാക്ഷി
7. ജീവന്റെ മൂല്യവും മഹത്വവും
8. സ്നേഹിക്കാനും ജീവൻ നൽകാനും
9. സമ്പത്തും സാമൂഹികനീതിയും
10. അദ്ധ്വാനത്തിന്റെ മാഹാത്മ്യം
11. സാമൂഹികതിൻമകൾക്കെതിരെ ക്രിസ്തീയ പ്രതിബദ്ധത
12. ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും

# പാഠം- 8



# സ്നേഹിക്കാനും ജീവൻ നൽകാനും



1. ലൈംഗികത ദൈവദാനം
2. ലൈംഗീകത ഒരു സർഗശക്തി
3. മനുഷ്യൻ : സ്ത്രീയും പുരുഷനും
4. വിവാഹം : രക്ഷാകരവിളി
5. ബ്രഹ്മചര്യ ജീവിതം

# സ്നേഹിക്കാനും ജീവൻ നൽകാനും

സ്നേഹിക്കാനും ജീവൻ നൽകാനും

ദൈവം സ്നേഹം തന്നെയാണ്. അവിടുന്ന് സ്നേഹത്തിന്റെ പാരമ്യത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. സ്നേഹിക്കുവാനും സൃഷ്ടിക്കാനുമുള്ള ദൈവത്തിന്റെ കഴിവിൽ അവിടുന്ന് മനുഷ്യരെ പങ്കുകാരാക്കി.

## ലൈംഗികത ദൈവദാനം

സ്നേഹിക്കാനും ജീവൻ നൽകാനും

- പുതിയ തലമുറയ്ക്ക് ജന്മം നൽകാനുള്ള കഴിവ് എല്ലാ ജീവജാലങ്ങളുടേയും മുഖ്യസവിശേഷതയാണ്. സ്ത്രീപുരുഷന്മാർക്ക് പരസ്പരം സ്നേഹിക്കാനും അതിലൂടെ പുതിയ തലമുറയ്ക്ക് ജന്മം നൽകാനും വേണ്ടി ദൈവം അവരിൽ നിക്ഷേപിച്ച കഴിവുകളുടെയും ,വികാരങ്ങളുടെയും, വാസനകളുടെയും ആകെത്തുകയാണ് ലൈഗീകത അഥവാ സെക്സ്.

സ്നേഹിക്കാനും ജീവൻ നൽകാനും

## ലൈംഗീകത ഒരു സർഗശക്തി

- ലൈഗീകത ദൈവം മനുഷ്യന് നൽകിയിട്ടുള്ള വലിയ സർഗ്ഗ ശക്തിയാണ്.
- പക്വമായ ജീവിതവീക്ഷണവും ഉത്തമമായ ബോധ്യങ്ങളും ദൈവാശ്രയബോധവും വളർത്തി യെടുത്താൽ മനുഷ്യവ്യക്തിത്വത്തിന്റെ ഭാഗമായ ലൈംഗീകതയെ ജീവിതത്തിന്റെ ക്രിയാത്മകശക്തി യായി പ്രയോജനപ്പെടുത്താൻ കഴിയും.

## മനുഷ്യൻ : സ്ത്രീയും പുരുഷനും

- ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു., സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു (ഉല്പ1:27) വ്യത്യസ്ത സ്വഭാവത്തോടും പ്രകൃതത്തോടും കൂടിയാണ് ദൈവം സ്ത്രീപുരുഷന്മാരെ സൃഷ്ടിച്ചത്.

സ്നേഹിക്കാനും ജീവൻ നൽകാനും

## വിവാഹം : രക്ഷാകര വിളി

- ക്രൈസ്തവ വീക്ഷണത്തിൽ വിവാഹമെന്നത് സ്ത്രീയും പുരുഷനും ഒരുമിച്ചു ജീവിക്കുന്നതിനായി നടത്തുന്ന ഒരു ഉടമ്പടി മാത്രമല്ല, വിശുദ്ധമായൊരു കൂദാശയാണ്.
- ക്രിസ്തു തന്നെത്തന്നെ ദാനമായി സഭയ്ക്കു നൽകിയതു പോലെയും, സഭ ക്രിസ്തുവിന് വിധേയമായിരിക്കുന്നതുപോലെയും വിവാഹത്തിൽ പരസ്പരം സമർപ്പിക്കാൻ ദമ്പതികൾ കടപ്പെട്ടിരിക്കുന്നു.

സ്നേഹിക്കാനും ജീവൻ നൽകാനും

# ബ്രഹ്മചര്യ ജീവിതം

സ്നേഹിക്കാനും ജീവൻ നൽകാനും

- സ്വർഗരാജ്യത്തെപ്രതി ജീവിതം സമർപ്പിക്കാൻ തയ്യാറാകുന്നബ്രഹ്മചാരികൾ തങ്ങളുടെ മനസ്സും ശരീരവും പൂർണ്ണമായി ദൈവത്തിനു സമർപ്പിക്കുകയാണ് ചെയ്യുന്നത്.
- പരിപക്വമായ തീരുമാനത്തിലൂടെ സ്വന്തം ലൈംഗിക ശക്തിയെ സ്നേഹത്തിന്റെയും സേവനത്തിന്റെയും പ്രവർത്തനങ്ങൾക്കായി ബ്രഹ്മചാരികൾ അർപ്പിക്കുന്നു.
- അവിഭക്തമായ ഹൃദയത്തോടുകൂടെ കർത്താവിന് ശുശ്രൂഷചെയ്യുവാനായി ജീവിതം സമർപ്പിച്ചവരാമാണ് ബ്രഹ്മചാരികൾ

സ്നേഹിക്കാനും ജീവൻ നൽകാനും

- വൈദികരും സന്യസ്തരും മറ്റു സമർപ്പിതരും ഈ വെല്ലുവിളി ഏറ്റെടുത്തവരാണ്
- ബ്രഹ്മചാരിയായ ഈശോയെ ഏറ്റവും അടുത്ത് അനുകരിക്കുന്നതിനുള്ള മാർഗ്ഗം കൂടിയാണ് ബ്രഹ്മ ചര്യജീവിതം.